പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1676 16.03.2015- ൽ മറുപടിയ്ക്ക്

# ഓർഫനേജ് കൺട്രോൾ ബോർഡ്

ചോദ്യം

പ്രൊഫ. സി.രവീന്ദ്രനാഥ്

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഓർഫനേജ് കൺട്രോൾ ബോർഡിന് സർക്കാർ ധനസഹായം ഉണ്ടോ ; വിശദമാക്കാമോ ; | (എ) | ഉണ്ട്. സർക്കാർ ഗ്രാന്റായിട്ട് ധനസഹായം അനുവദിക്കുന്നു. ജീവനക്കാരുടെ ശമ്പളം, ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർമാരുടെ ഹോണറേറിയം, സിറ്റിംഗ് ഫീ, യാത്രാ ബത്ത, ഓർഫനേജ് കൺട്രോൾ ബോർഡ് വഴി നിയമിച്ചിട്ടുള്ള സൈക്കോസോഷ്യൽ കൗൺസിലർമാരുടെ ഹോണറേറിയം എന്നിവ നൽകുന്നതിനാണ് സർക്കാർ ഗ്രാന്റ് അനുവദിക്കുന്നത് |
| (ബി) | സർക്കാർ ധനസഹായമല്ലാതെ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നും വരുമാനം ലഭിക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം വഴികളിലൂടെ എത്ര തുക ലഭിക്കുന്നുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ; | (ബി) | ഇല്ല |
| (സി) | സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിൽ എത്ര ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ ; | (സി) | ഓർഫനേജ് കൺട്രോൾ ബോർഡിൽ 7 ജീവനക്കാർ ഉണ്ട്.<br>1. മെമ്പർ സെക്രട്ടറി - 1<br>2. പ്രൊബേഷൻ ഓഫീസർ - 1<br>3. എൽ.ഡി. ക്ലാർക്ക് - 2<br>4. ഡി.റ്റി.പി. ഓപ്പറേറ്റർ - 1<br>5. ഓഫീസ് അറ്റൻഡന്റ് - 1<br>6. കാഷ്വൽ സ്വീപ്പർ - 1<br>------<br>ആകെ 7<br>====<br>കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡ് |

| | | | |
|---|---|---|---|
| | | | അംഗീകാരമുള്ള സ്ഥാപനങ്ങളിൽ കൗൺസിലിംഗ് നടത്തുന്നതിന് 40 കൗൺസിലർ തസ്തിക അനുവദിച്ചിട്ടുണ്ട്. ഇതിൽ 25 പേർ ഇപ്പോൾ ജോലി നോക്കി വരുന്നു. |
| (ഡി) | ഇവർക്ക് ശമ്പള കുടിശ്ശിക ഉണ്ടോ ; ഉണ്ടെങ്കിൽ ഏത് മാസം മുതൽ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ ? | (ഡി) | ഉണ്ട്. 2015 ഫെബ്രുവരി മാസത്തെ ശമ്പളം കുടിശ്ശികയായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**